LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ ഭിത്തിയും ഉൾപ്പെടുന്നു. മഴമൂലം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. മഴ തീരുന്ന മുറയ്ക്ക് പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മൈനർ ഇറിഗേഷനു കീഴിൽ വരുന്ന മൂർക്കനാട് പോത്തുള്ളിച്ചിറ വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ കരാറുടമ്പടി വച്ച് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(സി) ഈ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

മൈനർ ഇറിഗേഷൻ മുഖാന്തരം മങ്കട മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി

201(947) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം-എടയൂർ- വളാഞ്ചേരി കുടിവെള്ള പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെട്ട പാക്കേജ്-1-ലെ പ്രവൃത്തികൾ 60 ശതമാനം പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്ന പാക്കേജ് 2-ലെ പ്രവൃത്തിയും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്-3-ലെ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

2022 മേയ് മാസത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.